LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പ് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് മുഖേന വയനാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

285 (2160) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് വഴി വയനാട് ജില്ലയിൽ വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) അവയുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്വഴി വയനാട് ജില്ല ഉൾപ്പെടെയുള്ള മൂന്ന് ജില്ലകളിൽ (ഇടുക്കി, വയനാട്, പാലക്കാട്) നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. വാട്ടർ കൺസർവേഷൻ ഓൺ വാട്ടർഷെഡ് ബേസിസ് ഇൻ ഇടുക്കി, പാലക്കാട് ആന്റ് വയനാട് ഡിസ്ട്രിക്ട് എന്ന പദ്ധതിയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി ടി പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ടി പദ്ധതി ആരംഭിക്കുന്നതാണ്.

(സി) നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ വനം വകുപ്പിൽ ലഭ്യമല്ല. നീർത്തട അടിസ്ഥാനത്തിൽ കബനി നദിയുടെ നീർത്തട പ്രദേശത്ത് നോർത്ത് വയനാട് ഡിവിഷൻ, സൗത്ത് വയനാട് ഡിവിഷൻ, വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ എന്നി വനം ഡിവിഷനുകളിലാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

വനം വകുപ്പ് സംരക്ഷണ വിഭാഗം ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ

286 (2161) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ ജോലി ചെയ്യുന്നതിന് അനുമതി നിഷേധിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;